## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2473 — 23.01.2014 ൽ മറുപടിക്ക്

### വഖഫ് ബോർഡിന് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. വി. ശശി | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
|---|---|
| (എ) വഖഫ് ബോർഡിന് ഇപ്പോൾ ഭരണ സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) നിലവിലുണ്ടായിരുന്ന വഖഫ് ബോർഡിന്റെ കാലാവധി 31.10.2013 ന് അവസാനിച്ചിട്ടുള്ളതാണ്. പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടറെ വരണാധികാരിയായി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ഭരണസമിതിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ 15.01.2014 ന് എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പുതിയ ഭരണ സമിതി നിലവിൽ വരുന്നതുവരെ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കേന്ദ്ര വഖഫ് നിയമത്തിൽ അനുശാസിക്കുന്ന സംവിധാനം എന്താണ്;<br><br>(സി) പ്രസ്തുത സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമാനുസൃതം ഭരണനിർവ്വഹണം നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും കേന്ദ്ര വഖഫ് ആക്ട് 27-ാം വകുപ്പ് പ്രകാരം ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 1.11.2013-ാം തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം ഡെലിഗേറ്റ് ചെയ്തിട്ടുണ്ട് അതിൻ പ്രകാരം ഇപ്പോൾ ബോർഡിന്റെ ഭരണ നിർവ്വഹണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ